"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - പ്രളയം 2018 — കോട്ടയം ജില്ല —മീനച്ചിൽ താലൂക്ക് - ശ്രീ. ജോമോൻ ഡാനിയേലിന്റെ വീടിനുണ്ടായ നാശനഷ്ടങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ആശ്വാസ ധനസഹായം അനുവദിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (ഡി.ആർ.എഫ്. - ബി) വകുപ്പ്

സ.ഉ.(സാധാ) നം.3549/2022/RD തീയതി,തിരുവനന്തപുരം, 23-08-2022

പരാമർശം:- 1. 21.06.2018 ലെ സ.ഉ. (കൈ) നം.7/2018/ഡിഎംഡി

2. 02.06.2022 തീയതിയിലെ സ.ഉ. (കൈ) നം.495/2022/ഡിഎംഡി

**<u>ഉത്തരവ്</u>**

2018 ലെ കാലവർഷത്തിൽ സംസ്ഥാനത്തെ നിരവധി വീടുകൾക്കും കൃഷിയ്ക്കും വമ്പിച്ച നാഷനഷ്ടം സംഭവിക്കുകയുണ്ടായി. ഇതുസംബന്ധിച്ച് ദുരന്തബാധിതർ വീട് തകർന്ന അതേ സ്ഥലത്ത് വീട്ടുകൾ പുനർനിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ദുരന്തനിവാരണ വകുപ്പ് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. കോട്ടയം ജില്ലയിലെ മീനച്ചിൽ താലൂക്കിൽ പൂഞ്ഞാർ തെക്കേക്കര വില്ലേജിൽ ശ്രീ ജോമോൻ ഡാനിയേൽ, കളത്തുങ്കൽ എന്നയാളുടെ വീടിനുണ്ടായ കേട്ടുപാടുകൾ 65/% നാശനഷ്ടത്തിൽ ഉൾപ്പെടുത്തി പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം 2,50,000/- രൂപ ധനസഹായം അനുവദിച്ച് ഉത്തരവായിട്ടുള്ളതാണ്.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഈ സാഹചര്യത്തിൽ കോട്ടയം ജില്ലയിലെ മീനച്ചിൽ താലൂക്കിൽ പൂഞ്ഞാർ തെക്കേക്കര വില്ലേജിൽ ശ്രീ. ജോമോൻ ഡാനിയേൽ, കളത്തുങ്കൽ എന്നയാൾക്ക് പരാമർശം (2) ഉത്തരവ് പ്രകാരം അനുവദിച്ച 2,50,000/- രൂപയിൽ നിന്നും സംസ്ഥാന ദുരന്തപ്രതികരണ നിധി മാനദണ്ഡപ്രകാരമുള്ള വിഹിതമായ 76,500/- രൂപ കിഴിച്ച്, ശേഷിക്കുന്ന തുകയായ 1,73,500/- രൂപ (ഒരു ലക്ഷത്തി എഴുപത്തിമൂവായിരത്തി അഞ്ഞൂറ് രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും കോട്ടയം ജില്ലാ കളക്ടർക്ക് അനുവദിച്ച് നൽകാവുന്നതാണ്.

4. വിതരണത്തിനാവശ്യമായിവരുന്ന **1,73,500/- രൂപ (ഒരു ലക്ഷത്തി എഴുപത്തിമൂവായിരത്തി അഞ്ഞൂറ് രൂപ മാത്രം)** 2075-00-800-40 contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T. P. 80 അക്കൗണ്ടിൽ നിന്നും കോട്ടയം ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാ കളക്ടർ തുക വിതരണം ചെയ്ത് നടപടി റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

മിനിറാണി കെ

ഡെപ്യൂട്ടിസെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം

ജില്ലാ കളക്ടർ, കോട്ടയം

മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി , ഒബ്സർവേറ്ററി ഹിൽസ്

വികാസ് ഭവൻ, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

ജില്ലാ ട്രഷറി ഓഫീസർ, കോട്ടയം (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് /എ & ഇ ) കേരള തിരുവനന്തപുരം

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

റവന്യൂവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്

റവന്യൂ (ഡി ആർ എഫ് - എ, സി) വകുപ്പ്

ദുരന്ത നിവാരണ (എ, ബി ) വകുപ്പ്

വിവര പൊതുജന സമ്പർക്ക (വെബ്/ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Rakesh Paul

Date: 23-08-2022 12:23:12

സെക്ഷൻ ഓഫീസർ